സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 2 വ്യാഴം | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ

# ത്രിപുരയിലും നാഗാലാൻഡിലും താമര തന്നെ



നിറം ചാർത്തിയ വിജയം... ഇലക്ഷൻ റിസൾട്ട് പ്രഖ്യാപിച്ചതിന് പിന്നാലെ ബി.ജെ.പി പ്രവർത്തകർ നടത്തിയ അഹ്ലാദ പ്രകടനത്തിൽ നിന്ന്

## മേഘാലയയിൽ ബി.ജെ.പി - എൻ.പി.പി സഖ്യത്തിന് സാധ്യത

ന്യൂഡൽഹി: നിയമസഭാ തെരഞ്ഞെടുപ്പിൽ ത്രിപുരയിൽ തുടർച്ചയായ രണ്ടാം വട്ടവും ബി.ജെ.പി അധികാരത്തിലേക്ക്. ആകെയുള്ള 60 സീറ്റുകളിൽ 33 സീറ്റുകളിലും ബി.ജെ.പി മുന്നിട്ടു നിൽക്കുകയാണ്. അധികാരത്തിൽ തിരിച്ചെത്താൻ ഐ.പി.എഫ്.ടി എന്ന എൻ.ഡി.എ സഖ്യകക്ഷിയുടെ കോട്ടകൾ കീഴടക്കി തിപ്രമോത പാർട്ടി ആദ്യ തെരഞ്ഞെടുപ്പ് ചരിത്ര മുന്നേറ്റമാക്കി മാറ്റി. ബി.ജെ.പി ഒറ്റയ്ക്ക് കേവല ഭൂരിപക്ഷത്തിലേറെ സീറ്റിൽ മുന്നേറുന്നുണ്ട്. സി.പി.എമ്മിനും തിപ്രമോത പാർട്ടിക്കും 11 സീറ്റുകളിൽ വീതമാണ് മുന്നേറ്റം. കോൺഗ്രസ് നാലിടത്ത് മുന്നിലാണ്. തിപ്രമോത പാർട്ടി 40 ഓളം സീറ്റിൽ മത്സരിച്ചിരുന്നു. 11 ഇടത്ത് മുന്നിലെത്താനായി. ബി.ജെ.പി ആവശ്യങ്ങൾ അംഗീകരിച്ചാൽ പിന്തുണയ്ക്കാമെന്നാണ് തിപ്രമോത പാർട്ടിയുടെ തലവൻ പ്രത്യുദ് ദേബ് ബർമൻ വ്യക്തമാക്കുന്നത്. കേവല ഭൂരിപക്ഷം ബി.ജെ.പി ഉറപ്പിച്ചതോടെ പ്രത്യുദിന്റെ പാർട്ടിക്ക് പ്രതിപക്ഷത്ത് ഇരിക്കേണ്ടി വന്നേക്കും. സംസ്ഥാനത്ത് തിരിച്ചുവരവിനായി കോൺഗ്രസുമായി കൈകോർത്ത സിപിഎമ്മിന് കനത്ത തിരിച്ചടിയേറ്റു. മുൻപ് 60 സീറ്റിൽ മത്സരിച്ച ഇടതുപക്ഷം ഇക്കുറി 17 ഓളം സീറ്റുകൾ കോൺഗ്രസിന്റെ സ്ഥാനാർത്ഥികളെ പിന്തുണച്ച് ഒഴിച്ചിട്ടു. ഇതിന്റെ പ്രത്യാഘാതമെന്നോണം സി.പി.എമ്മിന് സീറ്റുകൾ കുറഞ്ഞു. കഴിഞ്ഞ തവണ 16 സീറ്റ് വിജയിച്ച സി.പി.എമ്മിന് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 11 സീറ്റിലാണ് മുന്നേറാനായത്. അതേസമയം കോൺഗ്രസിന് കഴിഞ്ഞ തവണ ഒരു സീറ്റ് പോലും ജയിക്കാനാവാത്ത സ്ഥിതി മാറി. നാല് സീറ്റിൽ മുന്നേറാനായി. നാഗാലാൻഡിൽ എൻ.ഡി.എ സഖ്യം അധികാരം പിടിച്ചെടുത്തപ്പോൾ ഇത്തവണയും കോൺഗ്രസ് നിറം മങ്ങി. ഒരു സീറ്റിൽ പോലും അവർക്ക് വിജയിക്കാനായില്ല. ആകെയുള്ള 60 സീറ്റുകളിൽ 37 സീറ്റുകളിൽ എൻ.ഡി.പി.പി-ബി.ജെ.പി സഖ്യം മുന്നിട്ടുനിന്നു. 25 സീറ്റിൽ എൻ.ഡി.പി.പിയും 12 സീറ്റുകളിൽ ബി.ജെ.പിയും ലീഡ് ചെയ്തു. 2018ലെ തെരഞ്ഞടുപ്പിന് സമാനമായാണ് കോൺഗ്രസിന്റെ ഇത്തവണത്തേയും പ്രകടനം. മേഘാലയയിൽ നാഷണൽ പീപ്പിൾസ് പാർട്ടി (എൻ.പി.പി) ആകെയുള്ള 60 സീറ്റുകളിൽ 27ലും ലീഡ് ചെയ്തു. ബി.ജെ.പിക്ക് നാല് സീറ്റുകളിലാണ് മുന്നേറാൻ സാധിച്ചത്. എൻ.പി.പിയുമായി ചേർന്ന് സംഖ്യ സർക്കാർ രൂപീകരിക്കാനാകും ബി.ജെ.പി ശ്രമിക്കുക. 2018ൽ 21 സീറ്റിൽ ഉണ്ടായിരുന്ന കോൺഗ്രസ് ഇത്തവണ അഞ്ച് സീറ്റിലേക്ക് ഒതുങ്ങി. തൃണമൂൽ കോൺഗ്രസ് ആറ് സീറ്റുകളിൽ ലീഡി ചെയ്തു. സൗത്ത് തുറ മണ്ഡലത്തിൽ കോൺറാഡ് സാങ്മ ലീഡ് ചെയ്യുകയാണ്.

## നാഗാലാൻഡ് നിയമസഭയിൽ ആദ്യമായി രണ്ട് വനിതകൾ

കൊഹിമ: നാഗാലാൻഡിൽ ചരിത്രം കുറിച്ചുകൊണ്ട് രണ്ട് വനിതാസാരഥികൾ നിയമസഭയിലെത്തിയിരിക്കുകയാണ്. സംസ്ഥാനത്ത് ഇതാദ്യമായാണ് വനിതകൾ നിയമസഭാ പ്രാതിനിധ്യത്തിലേക്ക് എത്തുന്നത്. എൻ.ഡി.പി.പിക്ക് (നാഷണലിസ്റ്റ് ഡെമോക്രാറ്റിക് പ്രോഗ്രസീവ് പാർട്ടി) വേണ്ടി ദിമാപൂരിൽ നിന്ന് മത്സരിച്ച ഹെകാനി ജഖാലു, വെസ്റ്റേൺ അംഗാമിയിൽ നിന്ന് മത്സരിച്ച സൽഹൗതുവോന്വോ ക്രൂസ് എന്നിവരാണ് ചരിത്രം കുറിച്ചുകൊണ്ട് വിജയം നേടിയിരിക്കുന്നത്. 14,395 വോട്ടാണ് ഹെകാനി ജഖാലു നേടിയത്. സൽഹൗതുവോന്വോയുടേത് നേരിയ ഭൂരിപക്ഷത്തിനുള്ള വിജയമാണ്. എതിരാളിയെ 41 വോട്ടുകൾക്കാണ് ഇവർ പരാജയപ്പെടുത്തിയത്. 6,956 വോട്ടുകളാണ് ആകെ നേടിയത്. യുവതയ്ക്ക് വേണ്ടി പ്രവർത്തിക്കുമെന്ന ദൃഢനിശ്ചയത്തോട് കൂടി രാഷ്ട്രീയരംഗത്ത് തുടരുന്നയാളാണ് ഹെകാനി ജഖാലു. ഒരു എൻ.ജി.ഒ (സന്നദ്ധ സംഘടന) രൂപപ്പെടുത്തി, അതിൽ വർഷങ്ങളായി യുവാക്കൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിവരികയായിരുന്നു നാൽപത്തിയേഴുകാരിയായ ഇവർ. ഒപ്പം എൻ.ഡി.പി.പി പ്രവർത്തനത്തിലും സജീവപങ്കാളിത്തമുണ്ട്. ഉന്നത വിദ്യാഭ്യാസം നേടിയ ജഖാലുവിനെ തേടി 2018ൽ നാരി ശക്തി പുരസ്കാരവും തേടിയെത്തിയിരുന്നു. ഇരുപത്തിനാല് വർഷത്തെ പ്രവർത്തനാനുഭവവുമായാണ് സൽഹൗതുവോന്വോ നിയമസഭയിലെത്തുന്നത്. അന്തരിച്ച മുൻ എൻ.ഡി.പി.പി നേതാവ് കെവിശേഖോ ക്രൂസിന്റെ പത്നി കൂടിയാണ് സൽഹൗതുവോന്വോ. എൻ.ജി.ഒകളിൽ തന്നെയാണ് സൽഹൗതുവോന്വോവും സജീവമായി പ്രവർത്തിക്കുന്നത്.



ഹെകാനി ജഖാലു, സൽഹൗതുവോന്വോ

## ലോകനേതാക്കൾക്ക് ഏറ്റവും പ്രിയങ്കരൻ മോദി: ഇറ്റാലിയൻ പ്രധാനമന്ത്രി

ന്യൂഡൽഹി: ഇന്ത്യയുടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് ലോകനേതാക്കൾക്ക് ഏറ്റവും പ്രിയങ്കരനായ പ്രധാനമന്ത്രിയെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനി. ലോകത്തെ പ്രമുഖ നേതാവാണെന്ന് അദ്ദേഹം തെളിയിച്ചതിന് അദ്ദേഹത്തെ അഭിനന്ദിക്കുന്നുവെന്നും ഇന്ത്യയിലെത്തിയ മെലോനി പറഞ്ഞു. റെയ്സിന ഡയലോഗിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിലെത്തിയ ജോർജിയ മെലോനിയെ രാഷ്ട്രപതിഭവനിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വീകരിച്ചു.

റെയ്സിന ഡയലോഗിന്റെ എട്ടാം പതിപ്പിന്റെ ഉദ്ഘാടനചടങ്ങിലെ മുഖ്യാതിഥിയും മുഖ്യപ്രഭാഷകയുമാണ് മെലോനി. പ്രധാനമന്ത്രി മോദിയാണ് ഉദ്ഘാടകൻ. ജോർജിയ മെലാനിയുടെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. ഇറ്റലിയുടെ ആദ്യ വനിതാ പ്രധാനമന്ത്രിയും ഏറ്റവും പ്രായം കുറഞ്ഞ പ്രധാനമന്ത്രിയുമായ അവരെ പ്രധാനമന്ത്രി മോദി അഭിനന്ദിച്ചു.

കേന്ദ്ര ആരോഗ്യ സഹമന്ത്രി ഭാർതി പവാറാണ് മെലോനിയെ വിമാനത്താവളത്തിലെത്തി സ്വീകരിച്ചത്. ഇറ്റാലിയൻ ഉപപ്രധാനമന്ത്രിയും വിദേശകാര്യമന്ത്രിയുമായ അറ്റോണിയോ തജാനിയും വ്യവസായ പ്രമുഖരുടെ സംഘവും അവർക്കൊപ്പം ഇന്ത്യയിൽ എത്തിയിട്ടുണ്ട്.

ന്യൂഡൽഹിയിലെ ഹൈദരാബാദ് ഹൗസിൽവച്ചാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജോർജിയ മെലോനിയും തമ്മിലുള്ള കൂടിക്കാഴ്ച നടന്നത്. ഇന്ത്യയും ഇറ്റലിയും തമ്മിലുള്ളത് സുദൃഢമായ ബന്ധമാണെന്നും അത് ഇനിയും ശക്തമാക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കുശേഷം അവർ പറഞ്ഞു.



റെയ്സിന ഡയലോഗിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിലെത്തിയ ജോർജിയ മെലോനിയെ രാഷ്ട്രപതിഭവനിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി സ്വീകരിച്ചപ്പോൾ

## ത്രിപുരയിൽ തോറ്റാലും ജയിച്ചാലും കോൺഗ്രസ് സഖ്യ തീരുമാനം ശരിയാണ്: എം.വി ഗോവിന്ദൻ

പാലക്കാട്: ത്രിപുര നിയമസഭാ തെരഞ്ഞെടുപ്പിൽ തോറ്റാലും ജയിച്ചാലും കോൺഗ്രസുമായുള്ള സഖ്യ തീരുമാനം ശരിയാണെന്ന് പി.ബി അംഗവും സി.പി.എം സംസ്ഥാന സെക്രട്ടറിയുമായ എം.വി ഗോവിന്ദൻ. സി.പി.എം ജനകീയ പ്രതിരോധ ജാഥയിൽ പാലക്കാട് സംസാരിക്കുകയായിരുന്നു എം.വി ഗോവിന്ദൻ. ത്രിപുരയിലെ പ്രധാന ശത്രു ബി.ജെ.പിയാണ്. അതിനാൽ



തോറ്റാലും ജയിച്ചാലും ത്രിപുരയിലെ സഖ്യം ശരിയാണ്. ഫലപ്രദമായി ചേർന്ന് മുന്നോട്ട് പോകാനാണ് തീരുമാനം.

അതേസമയം സംസ്ഥാനത്ത് കോൺഗ്രസ്-ബി.ജെ.പി സഹകരണം ഉണ്ടായെന്ന് അദ്ദേഹം വിമർശിച്ചു. തദ്ദേശ ഉപതെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പലയിടത്തും ബി.ജെ.പിക്ക് വലിയ തോതിൽ വോട്ട് കുറഞ്ഞുവെന്നും ഈ വോട്ട് യു.ഡി.എഫിന് കിട്ടിയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. സി.പി.എം തോൽവികൾ പരിശോധിക്കുമെന്നും അദ്ദേഹം അറിയിച്ചു.

## ഉത്സവത്തിനിടെ കതിന പൊട്ടിയ സംഭവം: ചികിത്സയിലിരുന്ന രണ്ട് യുവാക്കൾ മരിച്ചു

തൃശൂർ: കതിന പൊട്ടിത്തെറിച്ചുണ്ടായ അപകടത്തിൽ ചികിത്സയിലിരുന്ന രണ്ട് യുവാക്കൾ മരിച്ചു. വരവൂരിലെ ഉത്സവത്തിനിടെ ഫെബ്രുവരി 26ന് ഉച്ചയോടെയായിരുന്നു അപകടം നടന്നത്. കതിനക്കുറ്റികളിൽ കരിമരുന്ന് നിറക്കുമ്പോഴാണ് പൊട്ടിത്തെറിയുണ്ടായത്. വരവൂർ സ്വദേശികളായ ശ്യാംജിത്, രാജേഷ്, ശ്യാംലാൽ, ശബരി എന്നിവരെ പരുക്കേറ്റതിനെ തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. ഇതിൽ വാലി പറമ്പിൽ ശബരി (18), വാലിപ്പറമ്പിൽ രാജേഷ്(37) എന്നിവരാണ് മരിച്ചത്. തൃശൂർ മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു ഇവർ. ശ്യാംലാലിനും ശബരിക്കും എഴുപത് ശതമാനത്തിലേറെ പൊള്ളലുണ്ടായിരുന്നു. മറ്റുള്ള രണ്ടുപേർക്കും 30 ശതമാനം പൊള്ളലേറ്റിരുന്നു. കരിമരുന്ന് തൊഴിലാളികളായിരുന്നു നാല് പേരും. ചെറുതുരുത്തി പോലിസ് സ്ഥലത്തെത്തി പരിശോധന നടത്തി കേസെടുത്തിട്ടുണ്ട്.

## ലൈഫ് മിഷൻ; ശിവശങ്കറിന് ജാമ്യമില്ല



കൊച്ചി: എം.ശിവശങ്കറിന് ലൈഫ് മിഷൻ കോഴക്കേസിൽ തിരിച്ചടി. കൊച്ചിയിലെ പ്രത്യേക സി.ബി.ഐ കോടതി ജാമ്യ ഹർജി തള്ളി. അന്വേഷണം പ്രാഥമിക ഘട്ടത്തിൽ ആയതിനാൽ ജാമ്യം നൽകരുത് എന്ന ഇ.ഡി വാദം കോടതി അംഗീകരിച്ചു.

ലൈഫ് മിഷൻ കേസിലെ അന്വേഷണം പ്രാഥമിക ഘട്ടത്തിലാണെന്നും ഉന്നത സ്വാധീനമുള്ള ആളാണ് ശിവശങ്കർ എന്നതിനാൽ ജാമ്യം നൽകിയാൽ കേസ് അന്വേഷണത്തെ ബാധിക്കുമെന്നും അതിനാൽ ജാമ്യം നൽകരുതെന്നുമായിരുന്നു പ്രത്യേക സി.ബി.ഐ കോടതിയിൽ ഇ.ഡി ഉന്നയിച്ച വാദം.

എന്നാൽ തനിക്കെതിരേയുള്ളത് മൊഴികൾ മാത്രമാണെന്നും പ്രതി ചേർത്ത നടപടി തെറ്റാണെന്നുമാണ് ശിവശങ്കർ വാദിച്ചത്. എന്നാൽ ഈ വാദം കോടതി തള്ളി. നിലവിൽ കാക്കനാട് ജില്ലാ ജയിലിലാണ് ശിവശങ്കർ റിമാൻഡിൽ കഴിയുന്നത്.

## ഭീഷണികൾക്ക് വഴങ്ങില്ല: സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്

ന്യൂഡൽഹി: കഴിഞ്ഞ ഇരുപത്തിരണ്ട് വർഷം യാതൊരു വിധ ഭീഷണികൾക്ക് മുമ്പിലും വഴങ്ങിയിട്ടില്ലെന്നും ഇനി അവശേഷിക്കുന്ന രണ്ട് വർഷവും ഭീഷണികൾക്ക് വഴങ്ങില്ലെന്നും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഡി.വൈ ചന്ദ്രചൂഡ്. സുപ്രീംകോടതിക്ക് ലഭിച്ച 1.33 ഏക്കർ ഭൂമി അഭിഭാഷകരുടെ ചേംബർ പണിയാനായി കൈമാറണമെന്നാവശ്യപ്പെട്ടുള്ള ഹർജി അടിയന്തിരമായി കേൾക്കണമെന്ന് സുപ്രീംകോടതി ബാർ അസോസിയേഷൻ പ്രസിഡന്റ് വികാസ് സിംഗ് ശബ്ദമുയർത്തിയപ്പോഴാണ് ചീഫ് ജസ്റ്റിസ് നിലപാട് വ്യക്തമാക്കിയത്.

'ഇന്ത്യയുടെ ചീഫ് ജസ്റ്റിസ് ആണ് ഞാൻ. എന്നെ പേടിപ്പിച്ച് ഇരുത്താൻ നോക്കേണ്ട. ഭീഷണിക്ക് വഴങ്ങില്ല. ഹർജി പതിനേഴിന് കേൾക്കും. എന്നാൽ ഒന്നാമത്തെ കേസായി കേൾക്കാൻ കഴിയില്ല. നിങ്ങളുടെ രാഷ്ട്രീയം കോടതിമുറിക്ക് ഉള്ളിൽ ആകരുത്. നടപടിക്രമങ്ങൾ എന്താണെന്ന് എന്നോട് പറയേണ്ട. എന്റെ കോടതിയിൽ എന്ത് നടപടിക്രമമാണ് നടപ്പാക്കേണ്ടതെന്ന് എനിക്ക് അറിയാം' ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് ക്ഷുഭിതനായി വികാസ് സിങിനോട് പറഞ്ഞു.

ബാർ അസോസിയേഷന്റെ ഹർജി അടിയന്തിരമായി കേൾക്കണമെന്നും അംഗീകരിച്ചില്ലെങ്കിൽ അഭിഭാഷകരുമായി എത്തി ജഡ്ജിമാരുടെ വസതിക്കു മുന്നിൽ ധർണ ഇരിക്കുമെന്നും ഭീഷണിപ്പെടുത്തുകയായിരുന്നു വികാസ് സിംഗ്. ഇതേത്തുടർന്ന് ക്ഷുഭിതനായ ചീഫ് ജസ്റ്റിസ് വികാസ് സിംഗിനോട് ഇരിക്കാനാവശ്യപ്പെടുകയും ശക്തമായ ഭാഷയിൽ പ്രതികരിക്കുകയുമായിരുന്നു.



# ചിരുത തെയ്യം കെട്ടിയാടപ്പെടാൻ കാത്തിരുന്ന് കവിയൂരുകാർ

**ചാലക്കര പുരുഷു**

ന്യൂമാഹി: കെട്ടിയാട്ടം നിലച്ചിട്ട് അരനൂറ്റാണ്ടായിട്ടും കവിയൂരുകാർക്ക് ചിരുത തെയ്യത്തെ മറക്കാനാവില്ല. നാടെങ്ങും തെയ്യങ്ങൾ നിറഞ്ഞാടുമ്പോൾ, ഇന്നാട്ടുകാരുടെ ഏറെ പ്രത്യേകതകളുള്ള സ്വന്തം കളിയാട്ടമായ ചിരുത തെയ്യം കെട്ടിയാടപ്പെടാത്തതിൽ കവിയൂരുകാർ ഏറെ സങ്കടത്തിലാണ്. പോയ കാലത്തെ വീരന്മാരായ പലരും കഥകളിലൂടേയും പാട്ടുകളിലൂടേയും തെയ്യക്കോലങ്ങളായി അമരത്വം നേടിയിട്ടുണ്ട്. കതിവന്നൂർ വീരൻ, കുടിവീരൻ, പടവീരൻ, കരിന്തിരി നായർ, മുരിക്കഞ്ചേരി കേളു, വടക്കൻപാട്ടിലെ വീരനായകരായ പയ്യംവള്ളി ചന്തു, തച്ചോളി ഒതേനൻ തുടങ്ങി പലരും. വീര വനിതകളും ഇങ്ങനെ കെട്ടിയാടപ്പെടുന്നുണ്ട്. മാക്കവും മക്കളും, മനയിൽ ഭഗവതി, തോട്ടും കരഭഗവതി, മുച്ചിലോട്ടു ഭഗവതി, വണ്ണാത്തി ഭഗവതി, കപ്പാളത്തിച്ചാമുണ്ഡി അങ്ങനെ പോകുന്നു പെൺ തെയ്യക്കോലങ്ങളുടെ പേരുകൾ. ഏറ്റവും ഒടുവിൽ തെയ്യക്കോലമായി മാറിയത് ന്യൂമാഹി കവിയൂരിലെ ചിരുത ഭഗവതിയായിരിക്കും. അച്ചുതൻ പൂശാരിയുടെ സ്നേഹനിധിയായ ഭാര്യയായിരുന്നു ചിരുത എന്ന സ്ത്രീ. അവരുടെ മരണശേഷം ഭർത്താവായ അച്ചുതൻ പൂശാരി തെയ്യമായി കെട്ടിയാടിക്കുകയായിരുന്നു. സ്വന്തം പേരിലുള്ള സ്കന്ദതാരക ബ്രഹ്മക്ഷേത്രം എന്ന സുബ്രഹ്മണ്യൻ കോവിലിലായിരുന്നു തെയ്യം അരങ്ങേറിയിരുന്നത്. അതിന്റെ തോറ്റവും കവി കൂടിയായിരുന്ന അദ്ദേഹം തന്നെ എഴുതി അച്ചടിച്ച് വിതരണം ചെയ്തിരുന്നു. അതി മനോഹരമായ തെയ്യക്കോലമായിരുന്നു ചിരുത ഭഗവതി. ചെറുപന്തങ്ങൾ വെച്ചുള്ള ഉയരമുള്ള മുടിയും അരയിൽ ചുറ്റിനും വൻ പന്തങ്ങളുമുള്ള ഗാംഭീര്യമുള്ള തെയ്യം, അഭൗമമായ രാത്രിക്കാഴ്ചയായിരുന്നു. വൈദ്യുതി വെളിച്ചവും ഉണ്ടായിരുന്നില്ല. ഏതാണ്ട് ഘണ്ട കർണ്ണൻ തെയ്യത്തിന് സമാനമായിരുന്നു ആ കോലം. 1973ന് മുമ്പാണ് ഇവിടെ അവസാന തെയ്യം കെട്ടിയാടിയത്. വെടിക്കെട്ടിന്റെ ഒരുക്കങ്ങൾ പൂർത്തിയാവുന്നതിനിടെ കരിമരുന്നിന് തീപ്പിടിക്കുകയായിരുന്നു. അച്ചുതൻ പൂശാരിയടക്കം നിരവധിയാളുകൾക്ക് പരുക്കേറ്റു. മാവിൻചുവട്ടിൽ ഉറങ്ങിക്കിടക്കുകയായിരുന്ന സുഹൃത്തിനെ വലിച്ചോടുന്നതിനിടയിൽ പ്രശസ്ത ഫോട്ടോഗ്രാഫർ ഒ.അജിത് കുമാറിനും പരുക്കേറ്റിരുന്നു. ആ സംഭവത്തിന് ശേഷം അവിടെ തെയ്യം നടന്നിട്ടില്ല. ഏറെ താമസിയാതെ അച്ചുതൻ പൂശാരിയും മരണപ്പെടുകയായിരുന്നു. കെടാമംഗലം സദാനന്ദന്റെ കഥാപ്രസംഗം, കലാമണ്ഡലം കൃഷ്ണൻ നായരുടെ കഥകളി തുടങ്ങി പ്രശസ്തരുടെ കലാപരിപാടികൾ ഇവിടെ നടത്തിവന്നിരുന്നു. കുറച്ചു വർഷങ്ങളായി തെയ്യം കെട്ടിയാടിയ ഈ സ്ഥലം നാട്ടുകാരുടെ കമ്മിറ്റി ക്ഷേത്രമായി കൊണ്ടു നടക്കുകയാണ്. അച്ചുതൻ പൂശാരിയുടെ രണ്ടാം ഭാര്യയും മക്കളും ക്ഷേത്രത്തോട് ചേർന്നുള്ള കൊച്ചു വീട്ടിൽ താമസിക്കുന്നുണ്ട്. മകൻ ലോട്ടറി വിറ്റാണ് ഉപജീവനം നയിക്കുന്നത്.


ചിരുത ഭഗവതി ക്ഷേത്രം


ഘണ്ട കർണ്ണൻ തെയ്യം

## കോട്ടയ്ക്കൽ വിശ്വംഭര ക്ഷേത്രോത്സവത്തിന് 18 മുതൽ ആരംഭം

കോട്ടയ്ക്കൽ: കേട്ടയ്ക്കൽ ആര്യവൈദ്യശാല വിശ്വംഭര ക്ഷേത്രോത്സവത്തിന് 18 മുതൽ തുടക്കം. 24 വരെ ഉത്സവം നീണ്ടു നിൽക്കും. 18ന് രാവിലെ 7.30ന് എഴുന്നള്ളിപ്പോടെ ഉത്സവ ചടങ്ങുകൾക്ക് ആരംഭം കുറിക്കും. ഉച്ചയ്ക്ക് 2.30ന് പല്ലാവൂർ ശ്രീധരൻമാരാരും സംഘവും പഞ്ചവാദ്യം അവതരിപ്പിക്കും.

6.45ന് പുത്തൂർ ഹരിദാസ് ഡോഗ്ര, വിദ്വാൻ മധുർ കുശ്ര എന്നിവരുടെ ഡബിൾ സാക്സഫോൺ കച്ചേരി അരങ്ങേറും. രാത്രി 10 ന് മാർഗി രഹിത, ശോഭിത എന്നിവർ തായമ്പക കൊട്ടുന്നതായിരിക്കും. നാദസ്വരം, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, പാഠകം എന്നിവ ഉത്സവ ദിവസങ്ങളിലുണ്ടാകും. 19ന് വൈകീട്ട് 6.45ന് വിനീത നെടുങ്ങാടിയുടെ മോഹിനിയാട്ടവും രാത്രി ഒൻപതിന് രാമൻകുട്ടി മാരാരുടെ തായമ്പകയും 10.30ന് രുഗ്മാംഗദചരിതം, സുഭദ്രാഹരണം, കിരാതം കഥകളികൾ എന്നിവയുണ്ടാകും.

തുടർ ദിവസങ്ങളിൽ മഞ്ചേരി ഹരിദാസ്, മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ, കല്ലേകുളങ്ങര അച്യുതൻകുട്ടി മാരാർ, തൃപ്രങ്ങോട് പരമേശ്വരമാരാർ, കലാനിലയം ഉദയൻ നമ്പൂതിരി, കല്ലൂർ ഉണ്ണികൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ തായമ്പകയുണ്ടാകും. വിഘ്നേഷ് ഈശ്വർ, കെ.ഭരത് സുന്ദർ, പണ്ഡിറ്റ് ജയതീർഥ് മേവുണ്ടി, മല്ലാടി സഹോദരന്മാർ എന്നിവർ വിവിധ ദിവസങ്ങളിലായി സംഗീതക്കച്ചേരി അവതരിപ്പിക്കും. 23 വരെ രാത്രി കഥകളിയുണ്ടാകും. 25 മുതൽ 30 വരെ അനുബന്ധപരിപാടികളും നടക്കും.

## സാംസ്കാരിക സന്ധ്യയും പുരസ്കാര വിതരണവും നടത്തി

ചിറയിൻകീഴ്: വലിയകട മുക്കാലുവട്ടം ശ്രീഭദ്രകാളി ക്ഷേത്രത്തിലെ കുംഭതിരുവാതിര മഹോത്സവത്തിന്റെ ഭാഗമായി സാംസ്കാരിക സന്ധ്യയും പുരസ്കാര വിതരണവും നടത്തി. തിരുവനന്തപുരം റേഞ്ച് ഐജി ജി. സ്പർജൻകുമാർ ഐ.പി.എസ് പരിപാടി ഉദ്ഘാടനം ചെയ്ത് പുരസ്കാര വിതരണം നടത്തി. സാംസ്കാരിക സന്ധ്യ ചെയർമാൻ സാജൻ എസ്.അധ്യക്ഷത വഹിച്ചു. ചിറയിൻകീഴ് രത്ന പുരസ്കാരങ്ങൾ ന്യൂരാജസ്ഥാൻ മാർബിൾസ് എം.ഡി വിഷ്ണുഭക്തനും, ചിറ ഗ്രാമ. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ.സരിതയും ഏറ്റുവാങ്ങി. കർമ്മരത്ന പുരസ്കാരം സ്റ്റേറ്റ് ക്രൈം റിക്കാർഡ് ബ്യൂറോ അസിസ്റ്റന്റ് കമ്മീഷണർ ആർ.പ്രതാപൻ നായരും അധ്യാപക രത്ന പുരസ്കാരം ഗവ. യു.പി.എസ് പാലവിളയിലെ ഹെഡ്മിസ്ട്രസ് ഷാമില ബീവിയും യുവകലാപ്രതിഭാ പുരസ്കാരങ്ങൾ ദേവഗായത്രി സാജൻ, ദക്ഷിണാ ബിജു എന്നിവരും ഏറ്റുവാങ്ങി. ആരോഗ്യ പ്രവർത്തകൻ ശിവദാസൻ, പത്രവിതരണത്തിൽ 50 വർഷം പൂർത്തിയാക്കിയ മണികണ്ഠൻ, ഏഷ്യൻ-ഇന്ത്യൻ റിക്കാർഡ് ജേതാവായ പത്ത് വയസുകാരൻ ശ്രീദേവ് സുജിത്, മെഡിക്കൽ എൻട്രസിൽ മികച്ച റാങ്ക് നേടിയ ഗൗരി സജി എന്നിവർക്ക് പ്രത്യേക പുരസ്കാരങ്ങളും സമ്മാനിച്ചു. ക്ഷേത്ര കമ്മിറ്റി രക്ഷാധികാരി പ്രേംകുമാർ, പ്രസിഡന്റ് മനോജ്, സെക്രട്ടറി പ്രദീപ് കുമാർ, രാജീവ് അടുന്നിലശ്ശേരി, അശ്വിൻദാസ് എന്നിവർ പങ്കെടുത്തു.


യുവകലാ പ്രതിഭ പുരസ്കാരം ദേവഗായത്രി സാജന് തിരുവനന്തപുരം റേഞ്ച് ഐജി ജി.സ്പർജൻകുമാർ ഐ.പി.എസ് സമ്മാനിക്കുന്നു

എന്റെ കേരളം എന്റെ അഭിമാനം
G20 भारत 2023 INDIA
वसुधैव कुटुम्बकम्
ONE EARTH • ONE FAMILY • ONE FUTURE
കൈകൾ കോർത്ത് കരുത്തോടെ
2-ാം പിണറായി സർക്കാർ വാർഷികം
നൂറുദിന പരിപാടി 2023 ഫെബ്രുവരി - മെയ്

പൊതുവിദ്യാലയങ്ങളിലെ മികവുകൾ കണ്ടെത്താനും
മികച്ച മാതൃകകൾ പങ്കുവെക്കുന്നതിനും സംഘടിപ്പിച്ച

ഹരിത വിദ്യാലയം
സീസൺ 3
വിദ്യാഭ്യാസ റിയാലിറ്റി ഷോ



ഗ്രാൻ്റ് ഫിനാലെ



ഉദ്ഘാടനം
പിണറായി വിജയൻ
മുഖ്യമന്ത്രി

അദ്ധ്യക്ഷൻ
വി.ശിവൻകുട്ടി
പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി

KITE VICTERS LIVE
കൈറ്റ് വിക്ടേഴ്സിൽ തത്സമയം

2023 മാർച്ച് 2, ഉച്ചയ്ക്ക് 12 ന്
ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം

കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്
കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്)
www.kite.kerala.gov.in
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

## റെയിൽവേ ഭക്ഷണം: വില വർധന ഉത്തരവ് ഐ.ആർ.സി.ടി.സി പിൻവലിക്കണം: സി.ആർ.യു.എ

### റെയിൽവേ മന്ത്രിക്കും ഉന്നത ഉദ്യോഗസ്ഥർക്കും നിവേദനം നൽകി

കോഴിക്കോട്: ഐ.ആർ.സി.ടി.സി നിരക്ക് പരിശോധനസമിതി ശുപാർശ പ്രകാരം ദക്ഷിണ റെയിൽവേ സ്റ്റേഷനുകളിലെ ഭക്ഷണശാലകളിൽ 60 ഭക്ഷണ വിഭവങ്ങൾക്ക് അമിതവില കൂട്ടിയതിനെതിരേ സി.ആർ.യൂ.എ ഭാരവാഹികൾ അപലപിച്ചു. കൊവിഡ് കാലത്ത് വർധിപ്പിച്ച തീവണ്ടി യാത്രാ ടിക്കറ്റ് നിരക്കുകൾ കുറക്കാത്തതും, മുതിർന്ന പൗരന്മാർക്ക് ഉൾപ്പെടെയുള്ള യാത്ര ഇളവുകളും, മറ്റു ആനുകൂല്യങ്ങളും പുനഃസ്ഥാപിക്കാത്തതുമൂലം തീവണ്ടി യാത്ര മുൻകാലങ്ങളെക്കാൾ പതിന്മടങ്ങ് ചിലവേറിയിരിക്കുകയാണ്. അതിനുപുറമേ റെയിൽവേ പ്ലാറ്റ്ഫോമിലെ ഭക്ഷണശാലകളിലെ ചോറും കറിയും ചെറുകടികൾ ഉൾപ്പെടെ അറുപതോളം സാധനങ്ങൾക്ക് വില ഇരട്ടിയോളം വർധിപ്പിച്ചത് സാധാരണ യാത്രക്കാർക്ക് താങ്ങാൻ കഴിയുന്നതിലും അപ്പുറമാണ്. പ്ലാറ്റ്ഫോമുകളിൽ സ്റ്റാളുകൾക്ക് അമിതമായ വാടകയാണ് റെയിൽവേ ഈടാക്കുന്നത്. റെയിൽവേയിൽ നിന്നും നേരിട്ട് കരാർ എടുത്തവർ വാടക നാലും അഞ്ചും ഇരട്ടി വർധിപ്പിച്ചു സ്റ്റാളുകൾ മറിച്ച് നൽകുന്നതും അമിത വില ഈടാക്കുന്നതിന് കാരണമായി ചിലർ ചൂണ്ടിക്കാട്ടുന്നു.



അവർ ചൂണ്ടിക്കാട്ടുന്ന ഈ ബാലിശമായ കാരണങ്ങൾ യാത്രക്കാർക്കോ, യാത്രാ സംഘടനകൾക്കോ അംഗീകരിക്കാവുന്നതോ നീതികരിക്കാവുന്നതോ അല്ല. ജനപ്രതിനിധികളും, സംസ്ഥാന സർക്കാരുകളും അടിയന്തിരമായി ഇടപെട്ട് ഈ വർധനവ് റെയിൽവേ മന്ത്രാലയത്തിലും മറ്റു ബന്ധപ്പെട്ട അധികാരികളും സമ്മർദം ചെലുത്തി പിൻവലിക്കണമെന്ന് കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽ യൂസേഴ്സ് അസോസിയേഷൻ ദേശീയ വർക്കിംഗ് ചെയർമാനും കേരള റീജിയൻ പ്രസിഡന്റുമായ ഷെവലിയാർ. സി.ഇ. ചാക്കുണ്ണി, വൈസ് പ്രസിഡന്റ് ജോയ്ജോസഫ്.കെ, കൺവീനർ സൺഷൈൻ ഷോർണൂർ എന്നിവർ റെയിൽവേ മന്ത്രി, ജനപ്രതിനിധികൾ, സതേൺ റെയിൽവേ ജനറൽ മാനേജർ, മറ്റു ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥർ എന്നിവർക്ക് നിവേദനം നൽകി. യാത്രക്കാരുടെ ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിന് ഡിവിഷണൽ സോണൽ നാഷണൽ ആർ.യു.സി.സി.എ മീറ്റിംഗ് അടിയന്തിരമായി വിളിച്ചു ചേർക്കണമെന്നും നിവേദനത്തിൽ പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

## മർകസ് സമ്മേളന വിളംബര ഗ്രാൻ്റ് അസംബ്ലി സംഘടിപ്പിച്ചു

നോളജ് സിറ്റി: കാരന്തൂർ മർകസുസ്സഖാഫത്തിസ്സുന്നിയ്യ 45ാം വാർഷിക സമ്മേളനത്തിന്റെ ഭാഗമായി നോളജ് സിറ്റിയിൽ മർകസ് സമ്മേളന വിളംബര ഗ്രാൻ്റ് അസംബ്ലി സംഘടിപ്പിച്ചു. മർകസ് നോളജ് സിറ്റി കൾച്ചറൽ സെന്ററിൽ വെച്ച് സംഘടിപ്പിച്ച ചടങ്ങിൽ മർകസ് കൾചറൽ ജോയിന്റ് ഡയറക്ടർ മുഹമ്മദലി സഖാഫി വള്ളിയാട് മർകസ് സന്ദേശ പ്രഭാഷണം നടത്തി. മർകസ് നോളജ് സിറ്റിയിലെ വിദ്യാഭ്യാസ, ആരോഗ്യ സ്ഥാപനങ്ങളിലയേും, മറ്റു വാണിജ്യ സ്ഥാപനങ്ങളിലയേും മേധാവികൾ, ജീവനക്കാർ, വിദ്യാർഥികൾ, താമസക്കാർ തുടങ്ങിയവർക്ക് പുറമെ സന്ദർശകരും നാട്ടുകാരും അസംബ്ലിയിൽ പങ്കെടുത്തു. അഡ്വ. തൻവീർ ഉമർ അധ്യക്ഷത വഹിച്ചു, അഡ്വ. ശംവീൽ നൂറാനി സ്വാഗതവും യൂസുഫ് നൂറാനി നന്ദിയും പറഞ്ഞു.


മർകസ് നോളജ് സിറ്റി കൾച്ചറൽ സെന്ററിൽ വെച്ച് സംഘടിപ്പിച്ച മർകസ് സമ്മേളന വിളംബര ഗ്രാൻ്റ് അസംബ്ലിയിൽ മർകസ് കൾചറൽ ജോയിന്റ് ഡയരക്ടർ മുഹമ്മദലി സഖാഫി വള്ളിയാട് മർകസ് സന്ദേശ പ്രഭാഷണം നടത്തുന്നു

# 'ഓർമകളുടെ ഓളങ്ങളിൽ' കൂട്ടായ്മ സംഘടിപ്പിച്ചു

കോഴിക്കോട്: ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിലെ പൂർവ വിദ്യാർഥികളുടെ സാംസ്കാരിക കൂട്ടായ്മയായ ഫ്ളെയിംസ് ഓഫ് ആർട്സ് സംഘടിപ്പിച്ച 'ഓർമകളുടെ ഓളങ്ങളിൽ' സംഗമം ശ്രദ്ധേയമായി. യൗവ്വനോദയത്തിൽ കലാലയത്തിൽ എത്തിയവരിൽ ഷഷ്ടിപൂർത്തിയും സപ്തതിയുമെല്ലാം പൂർത്തിയാക്കിയവരുടെ സാന്നിധ്യം സംഗമത്തിന് മാറ്റ് കൂട്ടി. വ്യത്യസ്ത മേഖലകളിൽ എത്തിച്ചേർന്ന് പല അംഗീകാരങ്ങളും അവാർഡുകളും നേടിയ ജോയ് മാത്യു-സിനിമ, കെ.ബൈജുനാഥ്-ജുഡീഷ്യറി, ഡോ. ആർസു-സാഹിത്യം, പി.കെ സുനിൽകുമാർ-സംഗീതം, ഡോ.എൻ.സി കുട്ടപ്പൻ- യോഗശാസ്ത്രം, പി.സി അഷ്റഫ്-സോഷ്യൽ മീഡിയ എന്നിവരെ ചടങ്ങിൽ ആദരിച്ചു. കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് ജോയ് മാത്യു ഉദ്ഘാടനം ചെയ്തു. ആർട്സ് കോളേജ് പഠനകാലാനുഭവങ്ങൾ നൽകിയ സാഹിത്യബോധവും സാമൂഹ്യബോധവും പഠ്യേതര പ്രവർത്തനങ്ങളും തുടർ ജീവിതകാലത്ത് വഴികാട്ടിയായി എന്ന് അദ്ദേഹം പറഞ്ഞു. ചടങ്ങിൽ ടി.കെ സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. സാധാരണക്കാർക്ക് നീതി ലഭിക്കാനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാകാൻ സാധിച്ചതിൽ മനുഷ്യാവകാശ കമ്മീഷൻ അംഗം കെ.ബൈജുനാഥ് കൃതാർഥത രേഖപ്പെടുത്തി. കോളേജ് പഠനകാലത്ത് ലഭിച്ച സാഹിത്യാഭിരുചി വികസിപ്പിക്കാനായത് ജീവിതത്തിൽ വലിയ നേട്ടങ്ങൾക്ക് വഴിയൊരുക്കിയെന്ന് ഡോ.ആർസു അനുസ്മരിച്ചു. ഡോ.ഇ.കെ സ്വർണകുമാരി, പ്രദീപ് ഹുഡിനോ, വത്സരാജ്, ശ്യാമള രാജഗോപാലൻ, ഷമീൽ, ശോഭന ചെല്ലപ്പൻ, എം.ശശീധരൻ തുടങ്ങിയവർ പ്രസംഗിച്ചു. പി.കെ സുനിൽകുമാർ, ഡോ.സിസ്ന, ടി.സുരേന്ദ്രൻ എന്നിവർ കലാപരിപാടികൾക്ക് നേതൃത്വം നൽകി. പത്മപ്രഭ സ്വാഗതവും പി.എം സജിനി ടീച്ചർ നന്ദിയും പറഞ്ഞു.




ഗവ.ആർട്സ് ആന്റ് സയൻസ് കോളേജിലെ പൂർവ വിദ്യാർഥികളുടെ സാംസ്കാരിക കൂട്ടായ്മയായ ഫ്ളെയിംസ് ഓഫ് ആർട്സ് സംഘടിപ്പിച്ച 'ഓർമകളുടെ ഓളങ്ങളിൽ' സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ജോയ്മാത്യു

# കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിയമനരീതി മാറ്റി സുപ്രീംകോടതി



ന്യൂഡൽഹി: പാർലമെന്റ് നിയമം പാസാക്കുന്നതുവരെ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷണർമാരുടെ നിയമനരീതി മാറ്റി സുപ്രീംകോടതി. മൂന്നംഗ സമിതി പേരുകൾ ശുപാർശ ചെയ്യണം. മൂന്നംഗ സമിതിയിൽ പ്രധാനമന്ത്രി, സുപ്രീംകോടതി ചീഫ് ജസ്റ്റിസ്, പ്രതിപക്ഷ നേതാവ് ഉൾപ്പെടും. ഇവർ ശുപാർശ ചെയ്യുന്ന പേരുകൾ രാഷ്ട്രപതിക്ക് കൈമാറണം.

സുപ്രീംകോടതി ഭരണഘടന ബെഞ്ചിന്റേതാണ് സുപ്രധാന വിധി. ഈ രീതി പാർലമെന്റ് നിയമം പാസാക്കുന്നതുവരെ തുടരണമെന്ന് സുപ്രീംകോടതി നിർദേശിച്ചു. ലോക്സഭയിലെ പ്രതിപക്ഷ നേതാവിന്റെ അഭാവത്തിൽ പ്രതിപക്ഷത്തെ ഏറ്റവും വലിയ കക്ഷിയുടെ നേതാവിനെ കമ്മിറ്റിയിൽ ഉൾപ്പെടുത്തണം.

തെരഞ്ഞെടുപ്പ് കമീഷണർമാരേയും മുഖ്യ തെരഞ്ഞെടുപ്പ് കമീഷണറേയും നിയമിക്കാൻ കൊളീജയം പോലുള്ള സംവിധാനം വേണമെന്ന ഹരജികളിലാണ് സുപ്രീംകോടതിയുടെ സുപ്രധാന ഉത്തരവ്.



## നോളജ് സിറ്റി ലോഞ്ചിംഗ് പ്രഖ്യാപന സമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

നോളജ് സിറ്റി: മർകസ് നോളജ് സിറ്റിയുടെ ഔപചാരിക ലോഞ്ചിംഗ് പ്രഖ്യാപന സമ്മേളനത്തിന്റെ ഉദ്ഘാടനം നാലിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 'സിവിലിസ്' എന്ന പേരിൽ വൈവിധ്യമാർന്ന ഇരുപതിന പരിപാടികളോടെയാണ് ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന ലോഞ്ചിംഗ് നടക്കുന്നത്. നൂറിലധികം ഏക്കർ സ്ഥലത്തായി 2,000 കോടിയുടെ പദ്ധതികളാണ് നോളജ് സിറ്റിയിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇന്റഗ്രേറ്റഡ് ടൗൺഷിപ (സംയോജിത നഗര പദ്ധതി) എന്ന രാജ്യത്തെ തന്നെ വേറിട്ട ആശയമായ പദ്ധതിയാണിത്. വിദ്യാഭ്യാസം, സംസ്കാരം, പാർപ്പിടം, വാണിജ്യം, ആരോഗ്യം എന്നിവയെ സമന്വയിപ്പിക്കുന്ന നഗര മാതൃകയാണ് നോളജ് സിറ്റി യാഥാർഥ്യമാക്കിയത്. നിലവിൽ, മെഡിക്കൽ കോളജ്, ലോ കോളജ്, ഗ്ലോബൽ സ്കൂൾ, ടെക്നോളജി സെന്റർ, മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, ഫിനിഷിംഗ് സ്കൂൾ, ലൈബ്രറി, റിസർച്ച് സെന്റർ, ക്വീൻസ് ലാൻഡ് അടക്കം നിരവധി വിദ്യാഭ്യാസ സംരംഭങ്ങൾ നോളജ് സിറ്റിയിൽ പ്രവർത്തിക്കുന്നുണ്ട്.

'ലോഞ്ചിംഗ് ഇയർ' പരിപാടികളുടെ ആരംഭമായി മാർച്ച് നാലിന് വൈകുന്നേരം നാലുമണിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ സമർപ്പണ പരിപാടികൾ ഉദ്ഘാടനം ചെയ്യും. കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ അധ്യക്ഷത വഹിക്കും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, ക്ലൈമറ്റ് ചെയ്ഞ്ച് ആക്ഷൻ സമ്മിറ്റിന്റെ ഭാഗമായ 'മലൈബാർ ക്ലൈമറ്റ് ആക്ഷൻ പ്ലാൻ പരിസ്ഥിതി സംരക്ഷണ പ്രഖ്യാപനം', കേരള ഗതാഗത മന്ത്രി അഡ്വ. ആന്റണി രാജു 'ഡിജിറ്റൽ സ്പേസ് ലോഞ്ചിങ്' , ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് ' നോളജ് സിറ്റി ഡെസ്റ്റിനേഷൻ ടൂറിസം ലോഞ്ചിങ്', തുറമുഖ മന്ത്രി അഹമ്മദ് ദേവർകോവിൽ 'പ്രാദേശിക വികസന പദ്ധതി സമർപ്പണം', പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി 'നോളജ് സിറ്റി സ്റ്റാർട്ടപ്പ് പദ്ധതി സമർപ്പണം' എന്നിവ നിർവഹിക്കും.

എം.എൽ.എ മാരായ ടി.സിദ്ധീഖ്, ഡോ. എം.കെ മുനീർ, പി.ടി.എ റഹീം, ലിന്റോ ജോസഫ്, സച്ചിൻ ദേവ് തുടങ്ങിയവരും പരിപാടിയിൽ പങ്കെടുക്കും. സയ്യിദ് അലി ബാഫഖി, സി.മുഹമ്മദ് ഫൈസി, സയ്യിദ് ഇബ്രാഹിം ഖലീൽ ബുഖാരി, ഡോ. അബ്ദുൽ ഹകിം അസ്ഹരി, ഡോ. സലാം മുഹമ്മദ് തുടങ്ങിയവരും കൂടാതെ വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ, വിവിധ തൃതല പഞ്ചായത്ത് തല ഉന്നതർ, ഉദ്യോഗസ്ഥർ, പണ്ഡിതന്മാർ, നേതാക്കൾ, മഹല്ല് നേതൃത്വം, വിദ്യാർഥികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

# കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിന് തിരിതെളിഞ്ഞു

## പ്രണയം പറഞ്ഞ്, കവിത ചൊല്ലി ഉദ്ഘാടനം നിർവഹിച്ച് മുരുകൻ കാട്ടാക്കട

തലശ്ശേരി: മലയാളത്തിന് മറക്കാൻ കഴിയാത്ത എഡ്വേർഡ് ബ്രണ്ണൻ സായ്പ്പിന്റെ നാമധേയത്തിലുള്ള കലാലയ മുത്തശ്ശിയുടെ മടിത്തട്ടിൽ, സർവ്വകലാശാലാ കലോത്സവം അരങ്ങേറിയപ്പോൾ, ഉദ്ഘാടന പ്രസംഗത്തിലൂടെ കവി മുരുകൻ കാട്ടാക്കട കൗമാര യൗവ്വനമനസ്സുകളെ കവർന്നു. കവിത തുളുമ്പും വാക്കുകളും, മധുരം കിനിയും കവിതകളും കൊണ്ട് പ്രണയവും, വിപ്ലവവും, സമകാലീന പരിസരങ്ങളും കോർത്തുവച്ച് കവി, നിറഞ്ഞ സദസിൽ ചിരിയും ചിന്തയും പടർത്തി. ഇനി എത്രകാലം യൂണിയൻ പ്രവർത്തനം ഉണ്ടാകുമെന്നോ, കലാ പവർത്തനങ്ങൾ സ്വതന്ത്രമായി നടത്താൻ കഴിയുമെന്നോ പറയാൻ കഴിയാത്ത തരത്തിൽ നമ്മുടെ നാട് മാറി കൊണ്ടിരിക്കുകയാണെന്ന് കവി മുരുകൻ കാട്ടാക്കട സംശയം പ്രകടിപ്പിച്ചു. സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്ന പ്രത്യയ ശാസ്ത്രം തിരിച്ചു കൊണ്ട് വരാനുള്ള ശ്രമം നടക്കുന്നു.

ഒരു രാജ്യം, ഒരു ഭാഷ , ഒരു മതം , ഒരു ഭക്ഷണ രീതി എന്നിങ്ങനെ എല്ലാം ഏകാധിപത്യപരമായ ഏകത്വത്തിലേക്ക് കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വർത്തമാന കാലത്തിലാണ് ഈ കലോത്സവം നടക്കുന്നതെന്നും കവി ചൂണ്ടിക്കാട്ടി. വിദ്യാർഥികൾ പ്രണയിക്കണമെന്നും, സ്ഥലവും സൂക്ഷ്മവുമായ പ്രണയ ബോധങ്ങളിലൂടെ കടന്ന് പോകുന്നതോടൊപ്പം, പ്രണയ നഷ്ടങ്ങളുടെ സൗന്ദര്യം വിദ്യാർഥികളെ പഠിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ സർവ്വകലാശാല കലോത്സവം സ്റ്റേജിതര മത്സരങ്ങളുടെ ഉദ്ഘാടനം ധർമ്മടം ഗവ.ബ്രണ്ണൻ കോളേജിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കലോത്സവത്തെ വലിയ സാംസ്കാരിക സംഗമം ആയാണ് കാണുന്നതെന്ന് അദ്ദേഹം പറഞ്ഞു. 'രേണുക' കവിത ചൊല്ലി അദ്ദേഹം വിദ്യാർഥികളെ കൈയ്യിലെടുത്തു. സർഗ്ഗത്മകമായ ഇടപെടൽ പ്രതികരണ ശേഷിയുള്ള സമൂഹത്തിനെ വാർത്തെടുക്കുമെന്നും കവി ഓർമ്മിപ്പിച്ചു. കണ്ണൂർ സർവകലാശാല യൂണിയൻ ചെയർപേഴ്സൺ കെ.സാരംഗ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ഡോ. സി.ബാബു രാജ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. കെ.ടി ചന്ദ്രമോഹൻ, ഡോ. കെ.ശ്രീജിത്ത്, ഡോ. രാഖി രാഘവൻ, സർവകലാശാല ഡി.എസ്.എസ് ഡോ. നഫീസ ബേബി, സംഘാടക സമിതി കൺവീനർ വൈഷ്ണവ് മഹീന്ദ്രൻ എന്നിവർ പരിപാടിക്ക് ആശംസകൾ നേർന്നു. യൂണിയൻ ജോയിന്റ് സെക്രട്ടറി അശ്വതി അമ്പലത്തറ സ്വാഗതവും സർവകലാശാല യൂണിയൻ ജോയിന്റ് സെക്രട്ടറി വൈഷ്ണവ് നന്ദിയും പറഞ്ഞു. അഞ്ചു ദിവസങ്ങളിലായി വിവിധ ഇനങ്ങളിൽ മാറ്റുരക്കാൻ 3000 ത്തോളം വിദ്യാർഥികളാണ് എത്തുന്നത്. ആദ്യ രണ്ടു ദിവസങ്ങളിൽ സ്റ്റേജിതര മത്സരങ്ങളാണ് നടക്കുന്നത്.




കണ്ണൂർ യൂണിവേഴ്സിറ്റി കലോത്സവത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കവി മുരുകൻ കാട്ടാക്കട നിർവഹിച്ചപ്പോൾ

## അദാനി – ഹിൻഡൻബർഗ് റിപ്പോർട്ട്

# അന്വേഷണം രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് സുപ്രീംകോടതി




ന്യൂഡൽഹി: അദാനി ഗ്രൂപ്പിനെതിരായ ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങളെക്കുറിച്ച് സെബി നടത്തുന്ന അന്വേഷണം രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് സുപ്രീം കോടതി നിർദേശം. അദാനി-ഹിൻഡൻബർഗ് റിപ്പോർട്ട് പോലെയുള്ള വിഷയങ്ങളുണ്ടാകുമ്പോൾ ഓഹരി വിപണയിലെ ചെറുകിട നിക്ഷേപകരുടെ താൽപര്യം സംരക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തയ്യാറാക്കാൻ വിദഗ്ധസമിതിക്കും സുപ്രീം കോടതി രൂപംനൽകി. സുപ്രീംകോടതിയിൽ നിന്ന് വിരമിച്ച ജസ്റ്റിസ് അഭയ് മനോഹർ സപ്രെ ഈ സമിതിക്ക് നേതൃത്വം നൽകും. സമിതി തങ്ങളുടെ റിപ്പോർട്ട് മുദ്രവച്ച കവറിൽ സുപ്രീം കോടതിക്ക് കൈമാറണമെന്നും ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. നേരത്തെ ഹിൻഡൻബർഗ് റിപ്പോർട്ടിലെ ആരോപണങ്ങളെക്കുറിച്ച് സെബി നടത്തുന്ന അന്വേഷണം സുപ്രീം കോടതിയെ അറിയിച്ചിരുന്നു. ഈ അന്വേഷണമാണ് രണ്ട് മാസത്തിനുള്ളിൽ പൂർത്തിയാക്കാൻ ചീഫ് ജസ്റ്റിസ് ഡി.വൈ.ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചത്. അന്വേഷണം സംബന്ധിച്ച പുരോഗതി സുപ്രീംകോടതിയെ അറിയിക്കണം.അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സുപ്രീംകോടതി രൂപവൽക്കരിച്ച വിദഗ്ധസമിതിക്ക് കൈമാറാനും കോടതി നിർദേശിച്ചു. നിലവിൽ നടത്തുന്ന അന്വേഷണത്തിന് പുറമെ സെക്യൂരിറ്റി കോൺട്രാക്ടസ് റെഗുലേഷൻ ചട്ടത്തിലെ 19 (എ) വകുപ്പിന്റെ ലംഘനം ഉണ്ടായിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള വിഷയങ്ങളെ സംബന്ധിച്ചും അന്വേഷണം നടത്താൻ സുപ്രീംകോടതി സെബിയോട് നിർദേശിച്ചിട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ അന്വേഷണം നടത്താനുള്ള സെബിയുടെ അധികാരവും പ്രാപ്തിയും അംഗീകരിക്കുന്നതായി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. റെഗുലേറ്ററി സംവിധാനത്തിന്റെ പോരായ്മകളെ സംബന്ധിച്ചും അത് പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളുമാണ് ജസ്റ്റിസ് അഭയ് മനോഹർ സപ്രെ അധ്യക്ഷനായ സമിതി തയ്യാറാക്കേണ്ടത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ മുൻ ചെയർമാൻ ഒ.പി.ഭട്ട്, വിരമിച്ച ജഡ്ജി ജെ.പി ദേവദത്ത്, നന്ദൻ നിലേകനി, സോമശേഖരൻ സുന്ദരേശൻ എന്നിവരാണ് സമിതിയിലെ മറ്റ് അംഗങ്ങൾ.

## ഒരു കുടുംബത്തിന് പ്രതിദിനം നൂറ് ലിറ്റർ വെള്ളം മതിയെന്ന് മന്ത്രി; മന്ത്രി വീട്ടിൽ ഉപഭോഗം 61,000 ലിറ്റർ



തിരുവനന്തപുരം: നാല് അംഗങ്ങളുള്ള കുടുംബത്തിന് ഉപയോഗത്തിനായി പ്രതിദിനം 100 ലിറ്റർ വെള്ളം മതി, പിന്നെ എന്തിന് ദുരുപയോഗം എന്നായിരുന്നു ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൽ ഈ വർഷത്തെ ബഡ്ജറ്റിൽ വെള്ളക്കരം വർധിപ്പിച്ചപ്പോൾ അതിനെ ന്യായീകരിക്കാനായി നിരത്തിയ വാദം. എന്നാൽ, ജലവിഭവ വകുപ്പ് മന്ത്രിയുടെ ഉപഭോഗ കണക്കെടുത്തപ്പോൾ ഞെട്ടിയിരിക്കുയാണ് ജനം. കാരണം, മന്ത്രിയുടെ വസതിയിലെ വെള്ളത്തിന്റെ ഉപഭോഗ കണക്കിൽ പ്രതിമാസം ശരാശരി ഉപയോഗിക്കുന്നത് 61000 ലിറ്റർ വെള്ളം. കഴിഞ്ഞ ജൂൺ-ജൂലായ് മാസത്തിൽ മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ ഉപയോഗിച്ച വെള്ളത്തിന്റെ കണക്കാണ് ഇപ്പോൾ പുറത്തുവന്നത്. 100 ലിറ്റർ മതി കുടുംബത്തിനെന്ന് ചോദിച്ച മന്ത്രി റോഷി അഗസ്റ്റിനെ പ്രതിരോധത്തിലാക്കുന്നതാണ് പുതിയ കണക്കുകൾ. മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ രണ്ട് കുടിവെള്ള കണക്ഷനാണ് ഉള്ളത്. ജൂൺ-ജൂലായ് മാസം ഇതിൽ ഒന്നിൽ 1.12 ലക്ഷം ലിറ്റർ വെള്ളവും രണ്ടാമത്തേതിൽ 10000 ലിറ്റർ വെള്ളവും ഉപയോഗിച്ചുവെന്നാണ് കണക്ക്. രണ്ട് കണക്ഷനിലുമായി 2542 രൂപയാണ് ബില്ല് വന്നത്. കഴിഞ്ഞ ഒരുവർഷത്തെ ശരാശരി നോക്കിയാൽ തന്നെ മാസം ഏകദേശം 40000 ലിറ്റർ വെള്ളമാണ് മന്ത്രി ഭവനത്തിലെ ശരാശരി ഉപഭോഗം. 1.22 ലക്ഷം ലിറ്റർ വെള്ളമാണ് ഈ രണ്ടുമാസക്കാലയളവിൽ മന്ത്രി ഭവനത്തിൽ ഉപയോഗിച്ചത്. മാസം ശരാശരി ഉപയോഗം 61,000 ലിറ്റർ. നിയമസഭയിൽ സനീഷ് കുമാർ ജോസഫിന്റെ ചോദ്യത്തിന് മന്ത്രി തന്നെയാണ് ഇക്കാര്യം വ്യക്തമാക്കിയത്. സർക്കാർ വെള്ളക്കരം കൂട്ടിയ തീരുമാനത്തെ ന്യായീകരിച്ച് നിയമസഭയിൽ സംസാരിക്കവെയായിരുന്നു നാലംഗ കുടുംബത്തിന് ദിവസം 100 ലിറ്റർ വെള്ളം പോരെയെന്ന് മന്ത്രി ചോദിച്ചത്. ഇതു വിവാദത്തിലായിരുന്നു.

# കർണാടകയിൽ പരീക്ഷക്ക് ഹിജാബ് ധരിക്കാൻ അനുമതി തേടി വിദ്യാർഥികൾ

## അപേക്ഷ പരിഗണിക്കരുതെന്ന് സ്കൂൾ വിദ്യാഭ്യാസ വകുപ്പ്

ബെംഗളൂരു: കർണാടകയിൽ പരീക്ഷാഹാളിൽ ഹിജാബ് ധരിക്കാൻ അനുമതി തേടി പെൺകുട്ടികൾ. ഒമ്പതിന് പിയു പരീക്ഷകൾ ആരംഭിക്കാനിരിക്കെയാണ് മുസ്ലിം വിദ്യാർഥിനികൾ ഹിജാബ് ധരിക്കാൻ അനുമതി തേടി അപേക്ഷ നൽകിയത്. കോളജ് പ്രിൻസിപ്പൽമാർക്കാണ് വിദ്യാർഥിനികൾ അപേക്ഷ നൽകിയത്. എന്നാൽ, അപേക്ഷകൾ പരിഗണിക്കരുതെന്ന് സ്കൂൾ വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽമാർക്കും ഓഫീസർമാർക്കും നിർദേശം നൽകി. ഉഡുപ്പി, ചിക്കബല്ലാപ്പൂർ, ചാമരാജനഗർ, ബെംഗളൂരു റൂറൽ ജില്ലകളിലെ കോളേജുകളിൽ മുസ്ലീം പെൺകുട്ടികൾ



(പ്രതീകാത്മക ചിത്രം)

ഹിജാബ് ധരിക്കാൻ അനുമതി ആവശ്യപ്പെട്ടിട്ടുണ്ടെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. വിഷയം സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ പരീക്ഷാ വേളയിൽ ഹിജാബ് അനുവദിക്കുന്നതിനെക്കുറിച്ച് ചോദ്യം പോലും ഉദിക്കുന്നില്ലെന്ന് മന്ത്രി ബി.സി നാഗേഷ് പറഞ്ഞു. ഹിജാബ് ധരിക്കാൻ അനുമതി നൽകാത്തതിനാൽ ഒരു വിദ്യാർഥിയും പരീക്ഷ ഒഴിവാക്കുമെന്ന് കരുതുന്നില്ലെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ വർഷം മാർച്ചിൽ കർണാടക ഹൈക്കോടതി ഹിജാബ് ധരിക്കുന്നത് ഇസ്ലാമിക വിശ്വാസപ്രകാരം അനിവാര്യമായ ആചാരമല്ലെന്ന് വിധിച്ചിരുന്നു. വിദ്യാർഥികൾ സ്ഥാപനങ്ങൾ നിശ്ചയിക്കുന്ന യൂണിഫോം ധരിക്കണമെന്ന സർക്കാർ ഉത്തരവ് 2022 ഫെബ്രുവരി അഞ്ചിന് കോടതി ശരിവച്ചിരുന്നു. ഹൈക്കോടതി വിധിക്കെതിരേ സുപ്രീം കോടതിയിൽ പോയെങ്കിലും ഹൈക്കോടതി വിധി റദ്ദാക്കിയില്ല. തൽസ്ഥിതി തുടരാൻ ഉത്തരവുണ്ടെന്ന് സർക്കാർ ഉദ്യോഗസ്ഥൻ പറഞ്ഞു. എല്ലാവരും സ്ഥാപനങ്ങൾ തീരുമാനിക്കുന്ന യൂണിഫോം നയത്തിൽ ഉറച്ചുനിൽക്കണമെന്നും ഉദ്യോഗസ്ഥർ പറഞ്ഞു. ഹിജാബ് ധരിക്കാൻ അനുമതി നിഷേധിച്ചതിന്റെ പേരിൽ കഴിഞ്ഞ വർഷം നടന്ന പരീക്ഷയിൽ എത്ര വിദ്യാർഥികൾ വിട്ടുനിന്നു എന്നതിന്റെ കണക്കുകൾ വകുപ്പ് ശേഖരിച്ചിട്ടില്ലെന്നും പരീക്ഷയ്ക്ക് ഹാജരാകാത്തവരുടെ ജാതി-മത അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ശേഖരിച്ചിട്ടില്ലെന്നും ഹിജാബ് ധരിക്കാൻ അനുവാദമില്ലാത്തതിനാൽ ആരും പരീക്ഷ ഉപേക്ഷിച്ചതായി വിവരമില്ലെന്നും ഉദ്യോഗസ്ഥൻ പറയുന്നു.

## മദ്രസകളിലെ പാഠ്യ പദ്ധതിയിൽ മാറ്റം വേണം: ഡോ. മുഹമ്മദ് അഹമ്മദ് നഈമി

ന്യൂഡൽഹി: രാജ്യത്തെ മദ്രസകളിൽ പ്രൊഫഷണൽ വിദ്യാഭ്യാസം അനിവാര്യമാണെന്ന് ഡൽഹി ഹംദാർദ് സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസറും ചിന്തകനും എഴുത്തുകാരനുമായ ഡോ. മുഹമ്മദ് അഹമ്മദ് നഈമി. മദ്രസകളിലെ പാഠ്യപദ്ധതിയിൽ മാറ്റം വരേണ്ടതുണ്ട്. ഇന്ത്യയിലെ മദ്രസകൾക്ക് മഹത്തായ ഒരു ഭൂതകാലമുണ്ടെന്നും മദ്രസ വിദ്യാഭ്യാസം മുസ്ലീം ജനതയെ നവീകരിക്കുന്നതിൽ വളരെയധികം സംഭാവന നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.മദ്രസകളുടെ പാഠ്യപദ്ധതി ആധുനിക കാലത്തെ ആവശ്യകതകൾ നിറവേറ്റുന്നില്ല. അതിനനുസൃതമായ പരിഷ്കാരങ്ങൾ വേണം. മദ്രസകളിലെ പ്രൊഫഷണൽ വിദ്യാഭ്യാസം കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഡോ. മുഹമ്മദ് അഹമ്മദ് നഈമി ഒരു ദേശീയ മാധ്യമത്തിന് നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി. മദ്രസകളുമായി അടുത്ത ബന്ധമുള്ളയാണാണ് താൻ. വിദ്യാർത്ഥികൾക്ക് പ്രചോദനം നൽകാനായി വിവിധ മദ്ര



സകളിൽ സന്ദർശനം നടത്താറുണ്ട്. മദ്രസ പഠനത്തിന് ശേഷവും അക്കാദമിക് രംഗത്ത് വലിയ പുരോഗതി കൈവരിക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

മദ്രസാ പഠനത്തോടൊപ്പം ഇംഗ്ലീഷ് ഭാഷാ വൈദഗ്ധ്യം മെച്ചപ്പെടുത്തണമെന്നും അത് തുടർന്നുള്ള വിദ്യാഭ്യാസത്തിനും വികസനത്തിനും നിരവധി പുതിയ വഴികൾ തുറന്ന് തരുമെന്നും വിദ്യാർഥികളോട് പറയാറുണ്ടെന്ന് ഡോ. മുഹമ്മദ് അഹമ്മദ് നഈമി പറഞ്ഞു. ബ്രിട്ടീഷുകാരാണ് സ്കൂൾ സമ്പ്രദായം രാജ്യത്ത് കൊണ്ടുവന്നതെങ്കിലും അതിനുമുമ്പ് മദ്രസകളായിരുന്നു പഠനകേന്ദ്രങ്ങൾ. മതപഠനത്തോടൊപ്പം ആധുനിക കാലത്തെ വിഷയങ്ങളും അവിടെ പഠിപ്പിച്ചു.

മദ്രസകളിൽ എല്ലാ മതസ്ഥർക്കും വിദ്യാഭ്യാസം ലഭിച്ചിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. കാരണം, മദ്രസകളിൽ ഖുറാൻ, ഹദീസ്, ഫിഖ്ഹ്, അറബി ഭാഷ എന്നിവയോടൊപ്പം മെഡിക്കൽ സയൻസ്, ജ്യോതിഷം, ജ്യോതിശാസ്ത്രം, ഗണിതം, തത്ത്വചിന്ത, യുക്തി എന്നിവയും പഠിപ്പിക്കുന്നുണ്ട്. ഇന്ന് മദ്രസ വിദ്യാർഥികൾ വിവിധ സർവകലാശാലകളിലും കോളേജുകളിലും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണം കുട്ടികളുടെ ഭാവിക്ക് ഗുണകരമാണെന്നും മദ്രസ അധികൃതരും മാറ്റം ആഗ്രഹിക്കുന്നുണ്ടെന്നും ഡോ. മുഹമ്മദ് അഹമ്മദ് നഈമി കൂട്ടിച്ചേർത്തു.

## അമ്മ പിണങ്ങിക്കിടക്കുകയാണെന്നു കരുതി മൃതദേഹത്തോടൊപ്പം മകൻ താമസിച്ചത് രണ്ട് ദിവസം

ബെംഗളൂരു: അമ്മ തന്നോട് ദേഷ്യപ്പെട്ട് പിണങ്ങിക്കിടക്കുകയാണെന്ന് കരുതി ബെംഗളൂരുവിൽ 14കാരനായ മകൻ മൃതദേഹത്തിനൊപ്പം താമസിച്ചത് രണ്ട് ദിവസം. ബെംഗളൂരുവിലെ ആർ.ടി നഗറിലാണ് ഞെട്ടലുളവാക്കുന്ന സംഭവം നടന്നത്. അമ്മ മരിച്ച വിവരം കുട്ടി അറിഞ്ഞില്ലെന്ന് പോലിസ് പറയുന്നു. അമ്മ ഉറങ്ങുകയാണെന്നാണ് കുട്ടി കരുതിയത്. ദേഷ്യം കാരണം തന്നോട് പിണങ്ങിയതിനാലാണ് അമ്മ മിണ്ടാത്തതെന്നും കുട്ടി ധരിച്ചു. ഫെബ്രുവരി 26നാണ് പ്രമേഹവും രക്തസമ്മർദ്ദവും കുറഞ്ഞ് 44 കാരിയായ അന്നമ്മ താമസസ്ഥലത്ത് മരിച്ചത്. എന്നാൽ, ക്ഷീണം കാരണം അമ്മ മുഴുവൻ സമയം ഉറങ്ങുകയാണെന്നും കരുതി കുട്ടി ആരോടും വിവരം പറഞ്ഞില്ല. അന്നമ്മയുടെ ഭർത്താവ് ഒരു വർഷം മുമ്പ് വൃക്ക തകരാറിലായി മരിച്ചു. വീട്ടിൽ അമ്മയും മകനും മാത്രമാണ് താമസം. പകൽ സമയങ്ങളിൽ കുട്ടി വീട്ടിൽ നിന്ന് പുറത്തിറങ്ങുകയും കൂട്ടുകാരുമായി കളിക്കാൻ പോകുകയും ചെയ്തു. സുഹൃത്തിന്റെ വീട്ടിൽ നിന്ന് ഭക്ഷണവും കഴിച്ചു. കഴിഞ്ഞ രണ്ട് ദിവസമായി അമ്മ തന്നോട് മിണ്ടുന്നില്ലെന്നും രാത്രിയും പകലും ഉറങ്ങുകയാണെന്നും അച്ഛന്റെ സുഹൃത്തുക്കളോട് കുട്ടി പരാതി പറഞ്ഞു. പന്തികേട് തോന്നിയ അവർ വീട്ടിലെത്തിയപ്പോഴാണ് മരിച്ച നിലയിൽ കണ്ടെത്തിയത്. സംഭവത്തിൽ ആർ.ടി. നഗർ പൊലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

## ഈറോഡ് ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർഥിക്ക് വൻ ജയം

തമിഴ്നാട്: തമിഴ്നാട്ടിലെ ഈറോഡ് നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ അന്തരിച്ച മുൻ എം.എൽഎ ഇ.തിരുമഹാന്റെ പിതാവും കോൺഗ്രസ് സ്ഥാനാർഥിയുമായ ഇ.വി.കെ.എസ് ഇളങ്കോവന് വൻ വിജയം. 40000 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് കോൺഗ്രസ് നേതാവായ ഇ.വി.കെ.എസ് ഇളങ്കോവൻ മുന്നിൽ നിൽക്കുന്നത്. മുൻ എം.എൽ.എയും ഇളങ്കോവന്റെ മകനുമായ ഇ.തിരുമഹാൻ മരിച്ചതിനെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്. ഡി.എം.കെയുമായി സഖ്യത്തിലാണ് കോൺഗ്രസ്



ഇ.വി.കെ.എസ് ഇളങ്കോവൻ

മത്സരിച്ചത്. വിജയം സ്റ്റാലിൻ സർക്കാരിന് ആത്മവിശ്വാസം പകരും. ഭരണത്തിൽ സംതൃപ്തരാണെന്ന ജനങ്ങളുടെ അഭിപ്രായമാണ് തെരഞ്ഞെടുപ്പ് വിജയത്തിലൂടെ തെളിഞ്ഞതെന്ന് ഡി.എം.കെ നേതാക്കൾ പറഞ്ഞു. ഈറോഡിലെ വിജയം വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ഡി.എം.കെക്ക് ശക്തിപകരുമെന്നാണ് കണക്കുകൂട്ടൽ. അതേസമയം, മഹാരാഷ്ട്രയിൽ ഉപതെരഞ്ഞെടുപ്പ് നടന്ന 28 വർഷമായി ബി.ജെ.പി കോട്ടയാക്കി വച്ചിരുന്ന കസബ പേട്ട് മണ്ഡലത്തിൽ ചരിത്ര വിജയം നേടി കോൺഗ്രസ്. കോൺഗ്രസ് സ്ഥാനാർഥി രവീന്ദ്ര ധൻകേക്കർ 10000ലേറെ വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് വിജയം നേടിയത്.

## വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായ കുട്ടികളുടെ ഒത്തുചേരലും 'പീക്കു'വിന്റെ ഔദ്യോഗിക ഉദ്ഘാടനവും ആസ്റ്റർമെഡ്സിറ്റിയിൽ നടത്തി

കൊച്ചി: ആസ്റ്റർ മെഡ്സിറ്റിയിലെ ശിശു സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'പീക്കു' എന്ന ഭാഗ്യചിഹ്നത്തിന്റെ അനാച്ഛാദന കർമം സംവിധായകനും നടനുമായ ബേസിൽ ജോസഫ് നിർവഹിച്ചു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്ക് വിധേയരായ കുട്ടികളുടേയും കുടുംബാംഗങ്ങളുടേയും ഒത്തുചേരലും ഇതോടൊപ്പം വിവിധ പരിപാടികളോടെ ആഘോഷിച്ചു. ലോവൃക്കദിനത്തോടനുബന്ധിച്ചാണ് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരുടെ ഒത്തുചേരൽ സംഘടിപ്പിച്ചത്.

ആസ്റ്റർ മെഡ്സിറ്റിയിലെ പീഡിയാട്രിക് അനുബന്ധ ആരോഗ്യ സേവനങ്ങളെ പ്രതിനിധീകരിക്കുന്ന ഒരു സാങ്കൽപ്പിക കഥാപാത്രമാണ് പീക്കു. പീക്കു മുഖേന ആരോഗ്യത്തെക്കുറിച്ചും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കുകയും ആശുപത്രിയിലെ ശിശു സൗഹൃദാന്തരീക്ഷം വർധിപ്പിക്കുകയും ചെയ്യും. പരുപാടിയിലുടനീളം വൈവിധ്യപരമായ ഗെയിമുകളും മറ്റ് പ്രവർത്തനങ്ങളോടൊപ്പം പ്രിന്റ് ചെയ്ത പീക്കു തൊപ്പികളും മഗ്ഗുകളും വിതരണം ചെയ്തു. അത്യാധുനിക റോബോട്ടിക് സാങ്കേതികവിദ്യയുടെ പിൻബലത്തോടെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന രാജ്യത്തെ തന്നെ രണ്ടാമത്തെ ആശുപത്രിയും കുട്ടികളിലെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി നടത്തുന്ന രാജ്യത്തെ ചുരുക്കം ചില ആശുപത്രികളിൽ ഒന്നുമാണ് ആസ്റ്റർമെഡ്സിറ്റി. ആസ്റ്ററിൽ പൂർത്തിയാക്കിയ 365 ശസ്ത്രക്രിയകളിൽ 222 എണ്ണം റോബോട്ടിന്റെ സഹായത്തോടെയും അതിൽ തന്നെ 42 എണ്ണം 18 വയസിന് താഴെയുള്ള കുട്ടികൾക്കുമാണ്.

പത്ത്കിലോഗ്രാം ശരീരഭാരത്തിൽ താഴെയുള്ള കുട്ടികളിൽ വരെ കരൾ- വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി ആസ്റ്റർ മെഡ്സിറ്റി നടത്തി. കുട്ടികൾക്കായി റോബോട്ടിന്റെ സഹായത്തോടെ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന ചില കേന്ദ്രങ്ങളിൽ ഒന്നാണ് ആസ്റ്റർ മെഡ്സിറ്റിയെന്ന് സെന്റർ ഓഫ് എക്സലൻസ്ഇൻ റീനൽ സയൻസസ് ലീഡ് കൺസൾട്ടന്റായ ഡോ.വി.നാരായണൻ ഉണ്ണി പറഞ്ഞു. ആസ്റ്റർ മെഡ്സിറ്റിയിൽ ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ രൂപകൽപ്പന ചെയ്ത രസകരമായ കഥാപാത്രമാണ് പീക്കൂ. കുട്ടികൾക്കും അവരുടെ കുടുംബങ്ങൾക്കും ആശുപത്രിവേളയിൽ തീർത്തും ആശ്വാസകരമായ അന്തരീക്ഷം നിർമിക്കുവാൻ തങ്ങൾ ഇതുവഴി ലക്ഷ്യമിടുന്നുവെന്ന് ആസ്റ്റർ ഹോസ്പ്പിറ്റൽസ് കേരളാ-തമിഴ്നാട് റീജിയണൽ ഡയക്ടർ ഫർഹാൻ യാസിൻ പറഞ്ഞു. ആസ്റ്റർ ഹോസ്പ്പിറ്റൽസ്കേരള-തമിഴ്നാട് റീജിയണൽ ഡയരക്ടർ ഫർഹാൻയാസിൻ , ആസ്റ്റർ മെഡ്സിറ്റിയിലെ ഡോക്ടർമാരായ ഡോ. ജോർജ് ജോസ് (കൺസൾട്ടന്റ് -നിയോനറ്റോളജി) , ഡോ. കിഷോർ ടി.എ (സീനിയർ കൺസൾട്ടന്റ് യൂറോളജി), ഡോ. ബിപി പി.കെ (കൺസൾട്ടന്റ് -നെഫ്രോളജി) എന്നിവർ ചടങ്ങിൽ സംസാരിച്ചു.




ആസ്റ്റർ മെഡ്സിറ്റിയിലെ ശിശു സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 'പീക്കു' എന്ന ഭാഗ്യചിഹ്നത്തിന്റെ അനാച്ഛാദന കർമം സംവിധായകനും നടനുമായ ബേസിൽ ജോസഫ് നിർവഹിക്കാനെത്തിയപ്പോൾ




# ഓസീസിന് 76 റൺസ് വിജയലക്ഷ്യം

## രണ്ടാം ഇന്നിങ്സിൽ ഇന്ത്യ 163 റൺസിന് ഓൾ ഔട്ട്, തിളങ്ങിയത് ചേതേശ്വർ പൂജാര മാത്രം, നഥാൻ ലിയോണിന് എട്ട് വിക്കറ്റ്




ഇൻഡോർ: ഓസീസിനെ കുരുക്കാൻ എടുത്ത സ്പിൻ കുഴിയിൽ കറങ്ങി വീണ് പേരുകേട്ട ഇന്ത്യൻ ബാറ്റ്സ്മാൻമാർ. ഇന്ത്യക്കെതിരേ മികച്ച റെക്കോർഡുള്ള നഥാൻ ലിയോൺ മുന്നിൽ നിന്ന് നയിച്ചപ്പോൾ മൂന്നാം ടെസ്റ്റിലെ രണ്ടാം ഇന്നിങ്സിൽ മറുപടിയില്ലാതെ ഇന്ത്യൻ ബാറ്റ്സ്മാൻമാർ പതറുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. ക്യാപ്റ്റൻ രോഹിത് ശർമ-12, ശുഭ്മാൻ ഗിൽ-5, വിരാട് കോലി-13, ജഡേജ-7, ശ്രേയസ് അയ്യർ- 26, ശ്രീകർ ഭരത്-3, അശ്വിൻ-16, അക്ഷർ പട്ടേൽ-15 (നോട്ടൗട്ട്), ഉമേഷ് യാദവ് (0), സിറാജ് (0) ഇങ്ങനെ പോകുന്നു 10 ഇന്ത്യൻ ബാറ്റ്സ്മാൻമാരുടെ സ്കോറുകൾ.

ചേതേശ്വർ പൂജാരയുടെ പ്രതിരോധത്തിലൂന്നിയ കളിമികവ് ഇല്ലായിരുന്നുവെങ്കിൽ ഇന്നിങ്സ് തോൽവിയെന്ന നാണക്കേടിലേക്ക് ഇന്ത്യ വീഴുമായിരുന്നു. ക്ഷമയോടെ ഓസിസ് ബൗളർമാരെ നേരിട്ട പൂജാര 142 പന്തിൽ 59 റൺസുമായാണ് ക്രീസ് വിട്ടത്. ഇന്ത്യൻ ബാറ്റ്സ്മാൻമാരിൽ കോലിയുടേയും ശ്രേയസിന്റെയും വിക്കറ്റുകൾ ഒഴികെയുള്ളവ വിഴ്ത്തിയത് നഥാൻ ലിയോണാണ്. കോലി മാത്യൂ കുനെമാന് മുന്നിലും ശ്രേയസ് സ്റ്റാർക്കിന് മുന്നിലുമാണ് വീണത്. ആദ്യ ഇന്നിംഗ്സിൽ 88 റൺസിന്റെ ലീഡ് വഴങ്ങിയ ടീം ഇന്ത്യ രണ്ടാം ഇന്നിംഗ്സിലും പതറി. സ്പിന്നിനെ തുണയ്ക്കുന്ന പിച്ചിൽ നഥൻ ലിയോൺ തുടക്കത്തിലെ നിയന്ത്രണം കണ്ടെത്തിയപ്പോൾ 32 റൺസിനിടെ ഇരു ഓപ്പണർമാരെയും ഇന്ത്യക്ക് നഷ്ടമായി.

നേരത്തെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറായ 109 റൺസിനെതിരേ ഓസീസ് 197 റൺസ് കണ്ടെത്തി. ജഡേജ നാലും അശ്വിനും ഉമേഷ് യാദവും മൂന്ന് വീതവും വിക്കറ്റ് വീഴ്ത്തി. 60 റൺസ് നേടിയ ഉസ്മാൻ ഖവാജയായിരുന്നു ഓസീസ് ടോപ് സ്കോറർ. ബോർഡർ-ഗവാസ്കർ ട്രോഫിയിലെ ആദ്യ രണ്ട് ടെസ്റ്റുകളും ജയിച്ച ഇന്ത്യ നേരത്തെ പരമ്പര സ്വന്തമാക്കിയിരുന്നു.

ഇന്ത്യക്കെതിരേ എട്ട് വിക്കറ്റ് നേട്ടം ആഘോഷിക്കുന്ന നഥാൻ ലിയോണിനൊപ്പം ആഹ്ലാദം പങ്കിടുന്ന സഹ കളിക്കാർ

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.